കെഎസ്ആർടിസി: 3 സോണാക്കുന്ന നടപടി അതിവേഗം, ജൂണോടെ പ്രാബല്യത്തിൽ

തിരുവനന്തപുരം

കെഎസ്ആർടിസി സോണുകൾ ലാഭകരമാക്കി മാറ്റുന്നതിന്റെ ഭാഗമായി ജൂണോടെ മൂന്നു സോണായി തിരിക്കും. ഇതിനുള്ള നടപടി തുടങ്ങി. സോണുകളുടെ തലപ്പത്ത് കെഎഎസുകാരാകും (കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ്). സോണിനുള്ളിൽ സ്ഥലമാറ്റം ഉൾപ്പെടെ നടത്താനുള്ള അധികാരവും അവർക്ക് നൽകും. ലാഭത്തിലായാൽ ജീവനക്കാർക്ക് ഇൻസെന്റീവും ലഭ്യമാക്കും.

ദക്ഷിണമേഖലയിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളും സെൻട്രൽ മേഖലയിൽ കോട്ടയം, എറണാകുളം, ആലപ്പുഴ, ഇടുക്കി, തൃശൂർ എന്നിവയും വടക്കൻ മേഖലയിൽ പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളുമാണ് വരിക. കെഎസ്ആർടിസി സിഎംഡി തയ്യാറാക്കിയ പദ്ധതിക്ക് ഗതാഗതവകുപ്പ് നേരത്തേ അംഗീകാരം നൽകിയിരുന്നു.

കിലെയിൽ ഐഎഎസ് പരിശീലനം

തിരുവനന്തപുരം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റിന്റെ കീഴിലുള്ള കിലെ ഐഎഎസ് അക്കാദമിയിൽ സിവിൽ സർവീസ് കോച്ചിങ്ങിനു അപേക്ഷ ക്ഷണിച്ചു. 10 മാസത്തെ കോഴ്സ് ജൂണിൽ ആരംഭിക്കും. ബിരുദമാണ് അടിസ്ഥാന യോഗ്യത. കേരളത്തിലെ സംഘടിത അസംഘടിത മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് ഫീസ്ഇളവും മറ്റു ആനുകൂല്യങ്ങളും ലഭിക്കും. അപേക്ഷ ഫോം: www.kile.gov.in. ഫോൺ : 7907099629, 04172479966, 0471 2309012.

‘യന്ത്രം’ നോവൽ ലേഖന മത്സരം: വിജയികളെ പ്രഖ്യാപിച്ചു

തിരുവനന്തപുരം

മലയാറ്റൂർ രാമകൃഷ്ണന്റെ ‘യന്ത്രം’ എന്ന നോവലിനെ ആധാരമാക്കി യുവജനങ്ങൾക്കായി നടത്തിയ ലേഖന മത്സരത്തിലെ വിജയികളെ പ്രഖ്യാപിച്ചു. ഒന്നാം സമ്മാനം അജീഷ് ജി ദത്തനും (കൊല്ലം), രണ്ടാം സമ്മാനം രമ്യ ആർ പിള്ളയ്ക്കും (ആലപ്പുഴ), മൂന്നാം സമ്മാനം വി രഞ്ജിത്തിനു (കാസർകോട്) മാണ്.

മലയാറ്റൂരിന്റെ 96–ാമത് ജന്മവാർഷികദിനത്തിൽ തിരുവനന്തപുരത്ത് മലയാറ്റൂർ സാംസ്കാരിക സായാഹ്നത്തിൽ സമ്മാനങ്ങൾ വിതരണം ചെയ്യും. പ്രശസ്ത നോവലിസ്റ്റും മാധ്യമപ്രവർത്തകനുമായ സി റഹീം ജൂറി ചെയർമാനും ജോൺ തോമസ്, ശോഭാ രാജ്മോഹൻ, ഫൗണ്ടേഷൻ സെക്രട്ടറി പി ആർ ശ്രീകുമാർ എന്നിവർ അംഗങ്ങളുമായ കമ്മിറ്റിയാണ് വിജയികളെ തെരഞ്ഞെടുത്തത്.

ഓൺലൈൻ സംവിധാനങ്ങളുടെ ഉദ്ഘാടനം ഇന്ന്

തിരുവനന്തപുരം

കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് സേവനങ്ങൾക്കുള്ള ഓൺലൈൻ സംവിധാനങ്ങളുടെ ഉദ്ഘാടനം മന്ത്രി വി ശിവൻകുട്ടി നിർവഹിക്കും. വ്യാഴം വൈകിട്ട് അഞ്ചിന് തിരുവനന്തപുരം അയ്യങ്കാളി ഹാളിലാണ് ചടങ്ങ്. 2021–22 അധ്യയനവർഷം വിവിധ പരീക്ഷകളിൽ ഉന്നതവിജയം നേടിയ ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്കുള്ള ക്യാഷ് അവാർഡുകളും മന്ത്രി ചടങ്ങിൽ വിതരണം ചെയ്യും.

ട്രിമ 2023 മാനേജ്മെന്റ് കൺവൻഷൻ 18നും 19നും

തിരുവനന്തപുരം

തിരുവനന്തപുരം മാനേജ്മെന്റ് അസോസിയേഷന്റെ വാർഷിക മാനേജ്മെന്റ് കൺവൻഷൻ ‘ട്രിമ 2023’ 18നും19നും ഓബൈ താമരയിൽ നടക്കും. ഗവർണർ ആരിഫ് മൊഹമ്മദ് ഖാൻ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ മികച്ച സിഎസ്ആർ പ്രവർത്തനത്തിനുള്ള ടിഎംഎ പഡോസൻ സിഎസ്ആർ, മികച്ച സ്റ്റാർട്ടപ്പിനുള്ള ടിഎംഎ അദാനി സ്റ്റാർട്ടപ്, ടിഎംഎകിംസ് പേപ്പർ പ്രസന്റേഷൻ പുരസ്കാരങ്ങളുടെ വിതരണം ഗവർണർ നിർവഹിക്കും. ‘ട്രിവാൻഡ്രം 5.0 പ്രോസ്പിരിറ്റി ബിയോണ്ട് പ്രോഫിറ്റ്’ എന്നതാണ് ട്രിമ 2023ന്റെ പ്രമേയം.

കൺവൻഷനിൽ പങ്കെടുക്കാൻ ടിഎംഎ അംഗമല്ലാത്തവർക്ക് 3000 രൂപയാണ് പ്രവേശന ഫീസ്. ടിഎംഎ അംഗത്തിന് 2500 രൂപയും വിദ്യാർഥി അംഗത്തിന് 500 രൂപയും അംഗമല്ലാത്ത വിദ്യാർഥികൾക്ക് 600 രൂപയുമാണ് ഫീസ്. രജിസ്ട്രേഷന്: www.tmakerala.com, ഫോൺ: 7907933518. ഇമെയിൽ: tmatvmkerala@gmail.com.

ആദിവാസി ക്ഷേമസമിതി മേഖലാ ജാഥകൾ തുടങ്ങി

അട്ടപ്പാടി/ബെദിയടുക്ക

ആദിവാസി ക്ഷേമസമിതി സംസ്ഥാന കമ്മിറ്റി നടത്തുന്ന മേഖലാ ജാഥകൾ തുടങ്ങി. തിരുവനന്തപുരം ഒഴികെയുള്ള ജില്ലകളിലെ 8722 ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി നൽകാനുള്ള നടപടി വേഗത്തിലാക്കുക, ഭൂരഹിതർക്കും നാമമാത്ര ഭൂമിയുള്ള ആദിവാസി കുടുംബങ്ങൾക്കും ചുരുങ്ങിയത് ഒരേക്കർ ഭൂമി നൽകുക, വനാവകാശ നിയമമനുസരിച്ച് രേഖ ലഭിച്ച ഭൂമിക്കും ആദിവാസികളുടെ കൈവശമുള്ള ഇതര ഭൂമിക്കും പട്ടയം നൽകുക, 500 ആദിവാസികളെ എക്സൈസ് വകുപ്പിൽ ഗാർഡുമാരായി പ്രത്യേകം നിയമനം നടത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് ജാഥ.

തെക്കൻ മേഖലാ വാഹന ജാഥ പാലക്കാട് ജില്ലയിലെ അഗളിയിൽ തുടങ്ങി. ജാഥാ ക്യാപ്റ്റൻ ബി വിദ്യാധരൻ കാണിക്ക് പതാക കൈമാറി സിപിഐ എം കേന്ദ്ര കമ്മിറ്റിയംഗം എ കെ ബാലൻ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് എം ശ്രീധരൻ അധ്യക്ഷനായി. ജാഥാ മാനേജർ കൃഷ്ണൻ ഒക്ലാവ് എന്നിവർ സംസാരിച്ചു. പി വാസുദേവൻ വൈസ് ക്യാപ്റ്റനും എം എൽ കിഷോർ, കെ എസ് രാജൻ, എം കെ പ്രേമ എന്നിവർ അംഗങ്ങളുമായ ജാഥ വ്യാഴം മലപ്പുറം ജില്ലയിലെ നിലമ്പൂർ, എടവണ്ണ എന്നിവിടങ്ങളിൽ പര്യടനം നടത്തും. 19ന് തിരുവനന്തപുരത്ത് സമാപിക്കും.

വടക്കൻ മേഖലാ ജാഥയ്ക്ക് പെർലയിൽ ആവേശത്തുടക്കം. ജാഥാലീഡർ ഒ ആർ കേളുവിനും മാനേജർ എം സി മാധവനും പതാക കൈമാറി എൽഡിഎഫ് കൺവീനർ ഇ പി ജയരാജൻ ഉദ്ഘാടനംചെയ്തു. പി കെ സുരേഷ് ബാബുവാണ് വൈസ് ക്യാപ്റ്റൻ. സീതാ ബാലൻ, കെ കെ ബാബു എന്നിവർ ജാഥാംഗങ്ങളും.

ആദിവാസി ക്ഷേമസമിതി നേതൃത്വത്തിൽ നടത്തുന്ന തെക്കൻ മേഖലാ വാഹന ജാഥ അഗളിയിൽ സിപിഐ എം കേന്ദ്ര കമ്മിറ്റി അംഗം എ കെ ബാലൻ ജാഥാ ക്യാപ്റ്റൻ ബി വിദ്യാധരൻ കാണിക്ക് പതാക നൽകി ഉദ്ഘാടനം ചെയ്യുന്നു

കുടുംബശ്രീക്ക് മുദ്രാഗീതം; രജതജൂബിലി സമാപനച്ചടങ്ങിൽ പ്രകാശിപ്പിക്കും

തിരുവനന്തപുരം

കേരളത്തിലെ ഗ്രാമീണ ജീവിതത്തിന്റെ അടയാളപ്പെടുത്തലുകളും സമൂഹത്തിന്റെ എല്ലായിടങ്ങളെയും സമ്പന്നമാക്കുന്ന സ്ത്രീസമൂഹത്തെ പ്രകീർത്തിച്ചുകൊണ്ടും കുടുംബശ്രീയുടെ മുദ്രാഗീതം. കുടുംബശ്രീ, അയൽക്കൂട്ടാംഗങ്ങൾ തയ്യാറാക്കിയ 16 വരികളുള്ള മുദ്രാഗീതം 17ന് കുടുംബശ്രീ രജതജൂബിലി ആഘോഷത്തിൽ പ്രകാശിപ്പിക്കും. 15, 16, 17 തീയതികളിൽ പുത്തരിക്കണ്ടം മൈതാനത്ത് സംഘടിപ്പിക്കുന്ന കുടുംബശ്രീ ദിന പ്രഖ്യാപന, രജതജൂബിലി സമാപന ചടങ്ങുകളോട് അനുബന്ധിച്ച് മുഖ്യമന്ത്രി പിണറായി വിജയനായിരിക്കും പ്രകാശനം നിർവഹിക്കുക. കെ എസ് ചിത്രയാണ് മുദ്രാഗീതം ആലപിച്ചത്. സംഗീത സംവിധാനം ശ്രീവത്സൻ ജെ മേനോൻ.

സംസ്ഥാനത്തെ 46 ലക്ഷം അയൽക്കൂട്ടാംഗങ്ങളെ പ്രതിനിധാനം ചെയ്ത് 351 രചനകൾ മത്സരത്തിൽ ലഭിച്ചു. ചടങ്ങിൽ വിജയിയെ പ്രഖ്യാപിച്ച് 10,000 രൂപയും ഫലകവും സമ്മാനിക്കും. സംസ്ഥാന ചലച്ചിത്ര വികസന കോർപറേഷനാണ് മുദ്രാഗീതത്തിന്റെ നിർമാണ പ്രവർത്തനങ്ങൾ നടത്തിയത്. മത്സരത്തിൽ ലഭിച്ച 351 എൻട്രികളും ഉൾപ്പെടുത്തി ‘നിലാവ് പൂക്കുന്ന വഴികൾ’ എന്ന പുസ്തകവും 17ന് പ്രകാശിപ്പിക്കും.

108 റേഷൻകട കെ സ്റ്റോർ ആകും

മുഖ്യമന്ത്രി 14ന് ഉദ്ഘാടനംചെയ്യും

സ്വന്തം ലേഖകൻ

തിരുവനന്തപുരം

പൊതുവിതരണ കേന്ദ്രങ്ങളിൽ കൂടുതൽ ഉൽപ്പന്നങ്ങളും ഡിജിറ്റൽ സേവനങ്ങളും ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ 108 റേഷൻ കട ആദ്യഘട്ടമായി കേരള സ്റ്റോർ (കെ സ്റ്റോർ) ആകുന്നു. ഇതിന്റെ സംസ്ഥാന ഉദ്ഘാടനം 14ന് തൃശൂരിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുമെന്ന് മന്ത്രി ജി ആർ അനിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

നിലവിൽ ലഭ്യമാകുന്ന വിഭവങ്ങൾക്ക് പുറമെ മിൽമ ഉൽപ്പന്നങ്ങൾ, സപ്ലൈകോയുടെ ശബരി ഉൽപ്പന്നങ്ങൾ, ഇന്ത്യൻ ഓയിൽ കോർപറേഷന്റെ ഛോട്ടു ഗ്യാസ് എന്നിവ കെ സ്റ്റോർ ആകുന്ന റേഷൻകടകളിൽ ലഭിക്കും. എടിഎം സൗകര്യങ്ങളില്ലാത്ത വിദൂര ഗ്രാമപ്രദേശങ്ങളിൽ 10,000 രൂപവരെയുള്ള ധനഇടപാടുകളും കെ സ്റ്റോർ നടത്തും. ഇതിനായി 20 ബാങ്കുകളുടെ കൺസോർഷ്യവുമായി ധാരണയായി. വൈദ്യുതി, വാട്ടർ ബില്ലുകളും അടയ്ക്കാം.

മൂല്യവർധിത സേവനങ്ങളും കൂടുതൽ ഉൽപ്പന്നങ്ങളും നൽകാനുതകുംവിധം എല്ലാ റേഷൻ കടകളെയും കെ സ്റ്റോർ ആക്കി ഉയർത്തും. ഈവർഷം 1000 റേഷൻകടകളെ കെ സ്റ്റോർ ആക്കാനാണ് ലക്ഷ്യം. 860 റേഷൻ കടകൾ മാറാൻ സന്നദ്ധമായിട്ടുണ്ട്. അധിക സേവനങ്ങളുടെ പേരിൽ ഫീസ് ഇടാക്കില്ലെന്നും മന്ത്രി പറഞ്ഞു.

ഒപ്പംപദ്ധതി എല്ലാ താലൂക്കിലും

നേരിട്ടെത്തി റേഷൻ കൈപ്പറ്റാൻ കഴിയാത്ത കിടപ്പുരോഗികളുള്ള കുടുംബങ്ങൾക്ക് വീട്ടിൽ റേഷൻ എത്തിച്ചുകൊടുക്കുന്ന ഒപ്പംപദ്ധതി സംസ്ഥാനത്തെ മുഴുവൻ താലൂക്കുകളിലും 20നകം നിലവിൽവരും. നിലവിൽ 50 താലൂക്കുകളിലായിരുന്നു പദ്ധതി നടപ്പാക്കിയത്.

ഇ പോസും ത്രാസും ബന്ധിപ്പിക്കും

കാർഡ് ഉടമകൾക്ക് കൃത്യമായ അളവിലും തൂക്കത്തിലും റേഷൻ വിഭവങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പിക്കാൻ ഇ പോസ് മെഷീനും ത്രാസും ബന്ധിപ്പിക്കും. ഇതിന്റെ സംസ്ഥാന ഉദ്ഘാടനവും തൃശൂരിൽ 14ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ത്രാസിലെ തൂക്കത്തിന്റെ അളവ് ബില്ലിൽ കൃത്യമായി രേഖപ്പെടുത്തും. 60 കിലോവരെ തൂക്കാൻ കഴിയുന്ന ത്രാസാണ് റേഷൻകടകളിൽ സ്ഥാപിക്കുന്നത്. റേഷൻ കട ഉടമകൾക്ക് തങ്ങൾക്ക് ലഭിക്കുന്ന വിഭവങ്ങളുടെ തൂക്കവും ഉറപ്പാക്കാനാകും. 32 കോടി രൂപ ചെലവുവരുന്ന പദ്ധതി ഘട്ടംഘട്ടമായി എല്ലായിടത്തും നടപ്പാക്കും.

■ ഇ – പോസ് മെഷീൻ

ഫോൺ നമ്പരുകൾ റേഷൻ കടകളിൽ പ്രദർശിപ്പിക്കും

തിരുവനന്തപുരം

സംസ്ഥാനത്തെ റേഷൻ കടകളിലെ മുഴുവൻ ഇ–പോസ് മെഷീനുകളും സർവീസ് ചെയ്തതായും നിലവിൽ റേഷൻ വിതരണത്തിന് തടസ്സങ്ങളൊന്നുമില്ലെന്നും മന്ത്രി ജി ആർ അനിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഇ – പോസ് മെഷീൻ തകരാർ പരിഹരിക്കാൻ ഇനി കാർഡ് ഉടമകൾക്കും അധികൃതരെ ബന്ധപ്പെടാം. ഇതിനായി മുഴുവൻ കടകളിലും വിശദമായ ഫോൺ നമ്പർ പട്ടിക പ്രസിദ്ധീകിക്കും. മെഷീനിൽ ഏത് വിഭാഗത്തിലാണ് ‘എറർ’ കാണിക്കുന്നതെങ്കിൽ അപ്പോൾത്തന്നെ ആ വിഭാഗത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെ ആർക്കും വിളിക്കാൻകഴിയും വിധമാണ് ഫോൺ നമ്പർ പ്രദർശിപ്പിക്കുകയെന്നും മന്ത്രി പറഞ്ഞു.

റേഷൻ കടകൾ വഴി റാഗിപ്പൊടി; ഉദ്ഘാടനം 18ന്

തിരുവനന്തപുരം

റേഷൻ കടകൾ വഴിയുള്ള ഭക്ഷ്യധാന്യങ്ങൾ കൂടുതൽ പോഷകസമൃദ്ധമാക്കുന്നതിന്റെ ഭാഗമായി റാഗിപ്പൊടി വിതരണം ചെയ്യും. പ്രാരംഭഘട്ടമെന്ന നിലയിൽ ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലെ ആദിവാസി, മലയോര മേഖലകളിലെ 948 റേഷൻ കടയിലൂടെയും മറ്റിടങ്ങളിൽ ഒരു പഞ്ചായത്തിൽ ഒരു കടയിലും ഓരോ കിലോ റാഗിപ്പൊടി നാമമാത്ര തുക ഈടാക്കി ഉപഭോക്താക്കൾക്ക് നൽകും.

സർക്കാരിന്റെ രണ്ടാം വാർഷികത്തിന്റെ ഭാഗമായ 100 ദിന പരിപാടിയിൽ 18ന് പകൽ മൂന്നിന് അയ്യൻകാളി ഹാളിൽ ഉദ്ഘാടനം നടക്കും. ചെറുകിട ധാന്യങ്ങളുടെ പ്രാധാന്യം ജനങ്ങളിൽ എത്തിക്കുന്നതിന്റെ ഭാഗമായി രാവിലെ മുതൽ ചെറുകിട ധാന്യ പ്രദർശനമേളയും ഉണ്ടാകും.

■ ദേശീയ കൗൺസിലിന് തുടക്കം

എസ്ടിഎഫ്ഐ രാജ്യവ്യാപക പ്രക്ഷോഭത്തിലേക്ക്

തിരുവനന്തപുരം

ദേശീയ വിദ്യാഭ്യാസനയം 2020 പിൻവലിക്കുക, ദേശീയ പെൻഷൻ പദ്ധതി ഉപേക്ഷിക്കുക, വിദ്യാഭ്യാസരംഗത്തെ വർഗീയവൽക്കരണം അവസാനിപ്പിക്കുക എന്നീ മുദ്രാവാക്യങ്ങളുയർത്തി രാജ്യവ്യാപക പ്രക്ഷോഭത്തിന് രാജ്യത്തെ സ്കൂൾ അധ്യാപകരുടെ ദേശീയ ഫെഡറേഷനായ സ്കൂൾ ടീച്ചേഴ്സ് ഫെഡറേഷൻ ഓഫ് ഇന്ത്യ (എസ്ടിഎഫ്ഐ) ആഹ്വാനം ചെയ്തു.

തിരുവനന്തപുരം കെഎസ്ടിഎ സംസ്ഥാന സെന്ററിൽ തുടക്കം കുറിച്ച ഫെഡറേഷന്റെ ദ്വിദിന ദേശീയ കൗൺസിൽ യോഗത്തിലാണ് തീരുമാനം. അഖിലേന്ത്യ പ്രസിഡന്റ് കെ സി ഹരികൃഷ്ണൻ അധ്യക്ഷനായി. എക്സിക്യൂട്ടീവ് യോഗത്തിൽ ജനറൽ സെക്രട്ടറി സി എൻ ഭാർതി റിപ്പോർട്ട് അവതരിപ്പിച്ചു. ദേശീയ ട്രഷറർ പ്രകാശ് ചന്ദ്ര മൊഹന്തി, സുകുമാർ പൈൻ, എൻ ടി ശിവരാജൻ, ഡി സുധീഷ്, കെ ബദറുന്നിസ എന്നിവർ സംസാരിച്ചു. വിവിധ സംസ്ഥാനങ്ങളിൽനിന്നായി 80 പേർ പങ്കെടുക്കുന്ന ജനറൽ കൗൺസിൽ വ്യാഴാഴ്ച സമാപിക്കും.

ജോയിന്റ് കൗൺസിൽ സംസ്ഥാന സമ്മേളനം തുടങ്ങി

സ്വന്തം ലേഖകൻ

മലപ്പുറം

ജോയിന്റ് കൗൺസിൽ 54ാം സംസ്ഥാന സമ്മേളനത്തിന് തുടക്കം. വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി സ്മാരക ടൗൺ ഹാൾ പരിസരത്ത് പൊതുസമ്മേളനം സിപിഐ അഖിലേന്ത്യാ സെക്രട്ടറിയറ്റ് അംഗം ബിനോയ് വിശ്വം എംപി ഉദ്ഘാടനംചെയ്തു. വ്യാഴം രാവിലെ 10.30ന് മലപ്പുറം റോസ് ലോഞ്ചിൽ പ്രതിനിധി സമ്മേളനം സിപിഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ ഉദ്ഘാടനംചെയ്യും.

കോഴിക്കോട് എം എൻ വി ജി അടിയോടിയുടെ സ്മൃതികുടീരത്തിൽനിന്ന് നരേഷ്കുമാർ കുന്നിയൂരിന്റെ നേതൃത്വത്തിൽ കൊണ്ടുവന്ന പതാകയും തൃശൂർ ഇ ജെ ഫ്രാൻസിസിന്റെ സ്മൃതികുടീരത്തിൽനിന്ന് കെ എ ശിവന്റെ നേതൃത്വത്തിൽ കൊണ്ടുവന്ന ബാനറും പാലക്കാട് അടയ്ക്കാപുത്തൂരിൽനിന്ന് കെ മുകുന്ദന്റെ നേതൃത്വത്തിൽ കൊണ്ടുവന്ന കൊടിമരവും മലപ്പുറം സിവിൽ സ്റ്റേഷൻ പരിസരത്തുനിന്ന് എം എസ് സുഗൈതകുമാരിയുടെ നേതൃത്വത്തിൽ കൊണ്ടുവന്ന ദീപശിഖയും മലപ്പുറം കിഴക്കേത്തലയിൽ സംഗമിച്ചു. നഗരത്തിലൂടെ പൊതുസമ്മേളന നഗറിൽ ജാഥയായി എത്തിച്ചു.

പൊതുസമ്മേളനത്തിൽ ജോയിന്റ് കൗൺസിൽ സംസ്ഥാന വൈസ് ചെയർമാൻ കെ എ ശിവൻ അധ്യക്ഷനായി. എ പി അഹമ്മദ് സംസാരിച്ചു. കഥാപുരസ്കാരം നേടിയ ജിൻഷാഗംഗ, കവിതാപുരസ്കാരം നേടിയ ഷാജി നായരമ്പലം എന്നിവർക്ക് ഉപഹാരംനൽകി. സ്വാഗതസംഘം ജനറൽ കൺവീനർ എം രാകേഷ് മോഹൻ സ്വാഗതവും കെ സി സുരേഷ്ബാബു നന്ദിയും പറഞ്ഞു. നിസാ അസ്സീസിയുടെ സൂഫിയാന നെറ്റ് അരങ്ങേറി. വ്യാഴം പകൽ മൂന്നിന് റോസ് ലോഞ്ചിൽ ‘ജനാധിപത്യ ഇന്ത്യ നേരിടുന്ന വെല്ലുവിളികൾ’ സെമിനാർ സിപിഐ അഖിലേന്ത്യാ എക്സിക്യൂട്ടീവ് അംഗം കെ പ്രകാശ് ബാബുവും വൈകിട്ട് 5.30ന് സുഹൃദ് സമ്മേളനം സത്യൻ മൊകേരിയും ഉദ്ഘാടനംചെയ്യും. സമ്മേളനം 13ന് സമാപിക്കും.

ജോയിന്റ് കൗൺസിൽ സംസ്ഥാന സമ്മേളന പൊതുമ്മേളനം മലപ്പുറത്ത് ബിനോയ് വിശ്വം എം പി ഉദ്ഘാടനംചെയ്യുന്നു

ഡ്രോൺ ശക്തിയായി കേരള പൊലീസ്

സ്വന്തം ലേഖകൻ

തിരുവനന്തപുരം

കുറ്റാന്വേഷണ രംഗത്തും നിയമപരിപാലന രംഗത്തും രാജ്യത്തിന് മാതൃകയായ കേരള പൊലീസ് ഡ്രോൺ ഉപയോഗത്തിലും കൂടുതൽ മികവിലേക്ക്. ശാസ്ത്രീയ പരിശോധനയ്ക്കും സാങ്കേതിക രംഗത്ത് സേനയുടെ ആവശ്യങ്ങൾ നിർവഹിക്കാനാകുംവിധവും ഡ്രോണുകൾ, മൊബൈൽ ആന്റി ഡ്രോൺ സിസ്റ്റം എന്നിവ നിർമിക്കാനാവശ്യമായ ഡ്രോൺ ഫോറൻസിക് സോഫ്റ്റ്വെയർ തയ്യാറായിക്കഴിഞ്ഞു.

ഡ്രോണുകളുടെ ഉപയോഗം എല്ലാ മേഖലയിലും വർധിക്കുന്ന സാഹചര്യത്തിൽ സൈബർ ഡോമിന്റെ കീഴിൽ പ്രവർത്തിക്കുന്ന ‘പൊലീസ് ഡ്രോൺ ഫോറൻസിക് ലാബ് ആൻഡ് റിസർച്ച് സെന്ററാ’ണ് സോഫ്റ്റ്വെയർ വികസിപ്പിച്ചത്. സോഫ്റ്റ്വെയർ 11ന് മുഖ്യമന്ത്രി പിണറായി വിജയൻ പൊലീസ് മേധാവിക്ക് കൈമാറും. രാവിലെ പത്തിന് പേരൂർക്കട എസ്എപി ഗ്രൗണ്ടിൽ നടക്കുന്ന ചടങ്ങിൽ അത്യാധുനിക നിരീക്ഷണ ഡ്രോണുകൾ മുഖ്യമന്ത്രി ഫ്ലാഗ്ഓഫ് ചെയ്യും.

ഏരിയൽ പട്രോളിങ്, നിരീക്ഷണം, എമർജൻസി റിലീഫ് എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ ഡ്രോണുകൾ പൊലീസിന് ഉപകാരപ്പെടും. തെരഞ്ഞെടുത്ത ഉദ്യോഗസ്ഥർക്ക് ഡ്രോൺ ഫ്ലൈയിങ് പരിശീലനം നൽകും. ഡിജിസിഎ സർട്ടിഫൈഡ് ഡ്രോൺ പൈലറ്റ് പരിശീലനം വിജയകരമായി പൂർത്തീകരിച്ച പൊലീസ് ഉദ്യോഗസ്ഥർക്കുള്ള സർട്ടിഫിക്കറ്റും മുഖ്യമന്ത്രി വിതരണം ചെയ്യും.

ട്രെയിനിൽ കയറുന്നതിനിടെ വീണ് നഴ്സിന്റെ കാൽപ്പാദം അറ്റു

തലശേരി

മുംബൈ–തിരുവനന്തപുരം നേത്രാവതി എക്സ്പ്രസിൽ കയറുന്നതിനിടെ വീണ് നഴ്സിന്റെ കാൽപാദം അറ്റു. പയ്യാവൂർ ഉളിക്കൽ കരപ്ലാക്കിൽ ഹൗസിൽ മിനി ജോസഫിന്റെ (47) ഇടതു കാൽപ്പാദമാണ് അറ്റുപോയത്. തലശേരി സ്റ്റേഷനിൽനിന്ന് ട്രെയിൻ നീങ്ങുന്നതിനിടെ ഓടിക്കയറുമ്പോൾ ബുധൻ രാവിലെ 7.15നാണ് അപകടം. ട്രെയിനിനും പ്ലാറ്റ്ഫോമിനും ഇടയിൽ കുടുങ്ങിയാണ് കാൽപ്പാദം മുറിഞ്ഞത്. ഭർത്താവിനും മകൾക്കുമൊപ്പം തിരൂരിൽ ജോലിചെയ്ത ആശുപത്രിയിലേക്ക് പോവുകയായിരുന്നു. നേരത്തെ സ്റ്റേഷനിൽ എത്തിയെങ്കിലും ബാത്ത്റൂമിൽ പോയി വരുമ്പോഴേക്കും വണ്ടി നീങ്ങിത്തുടങ്ങിയിരുന്നു. ജനറൽ കമ്പാർട്ട്മെന്റിലേക്ക് ഓടിക്കയറുമ്പോഴാണ് പിടിവിട്ട് വീണത്. തലശേരി ജനറൽ ആശുപത്രിയിൽ പ്രഥമ ശുശ്രൂഷ നൽകിയശേഷം കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോയി.

മിനി ജോസഫിനെ കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോകുന്നതിനായി ആംബുലൻസിൽ കയറ്റുന്നു

ഇരുചക്രവാഹനങ്ങളിൽ കുട്ടികളെ കൊണ്ടുപോകാൻ ഇളവുതേടും

തിരുവനന്തപുരം

ഇരുചക്രവാഹനങ്ങളിൽ കുട്ടികളെ കൊണ്ടുപോകുന്നതിന് നിയമത്തിൽ ഇളവുതേടി കേന്ദ്രത്തെ സമീപിക്കാൻ ഉന്നതതലയോഗം തീരുമാനിച്ചു. ഗതാഗത മന്ത്രി ആന്റണി രാജു വിളിച്ച യോഗത്തിലാണ് തീരുമാനം. സംസ്ഥാനത്ത് സാധാരണക്കാർ കൂടുതലായി ഇരുചക്രവാഹനം ഉപയോഗിക്കുന്ന സാഹചര്യത്തിൽ രക്ഷിതാക്കൾക്കൊപ്പം കുട്ടികളെക്കൂടി കൊണ്ടുപോകുന്നതിന് നിയമം അനുവദിക്കുന്നില്ല. അപകടം കുറയ്ക്കാൻ സംസ്ഥാനമാകെ എഐ കാമറ സ്ഥാപിച്ച പശ്ചാത്തലത്തിൽ രണ്ടിൽ കൂടുതൽ പേർ ഇരുചക്രവാഹനങ്ങളിൽ കയറിയാൽ നിയമലംഘനപ്പട്ടികയിൽ വരും. തുടർന്നാണ് ഹെൽമെറ്റ് ധരിപ്പിച്ച് കുട്ടികളെ കൊണ്ടുപോകാൻ അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചത്.

ഗതാഗത സെക്രട്ടറി ബിജു പ്രഭാകർ, ട്രാൻസ്പോർട്ട് കമീഷണർ എസ് ശ്രീജിത് തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥർ പങ്കെടുത്തു.

സഹകരണ പ്രസ്ഥാനങ്ങൾ പുതിയ തൊഴിൽമേഖലകളെയും ഉൾപ്പെടുത്തണം

കേരള സ്റ്റേറ്റ് ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആൻഡ് ഗിഗ് വർക്കേഴ്സ് വെൽഫെയർ ഫെഡറൽ സഹകരണ സംഘം ഉദ്ഘാടനം നിർവഹിച്ച മന്ത്രി വി എൻ വാസവൻ തൊഴിലാളികൾക്ക് അംഗത്വം നൽകുന്നു

തിരുവനന്തപുരം

സംസ്ഥാന സർക്കാരിന്റെ മൂന്നാം നൂറുദിന കർമ പദ്ധതിയിൽ ഉൾപ്പെടുത്തി സഹകരണമേഖലയിലെ വിവിധ പദ്ധതികൾ മന്ത്രി വി എൻ വാസവൻ ഉദ്ഘാടനം ചെയ്തു. പുതിയ തൊഴിൽമേഖലകളിലെ തൊഴിലാളികളോടൊപ്പം നിൽക്കാൻ സഹകരണമേഖലയ്ക്ക് കഴിയണമെന്ന് മന്ത്രി പറഞ്ഞു. കേരള സ്റ്റേറ്റ് ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആൻഡ് ഗിഗ് വർക്കേഴ്സ് വെൽഫെയർ ഫെഡറൽ സഹകരണ സംഘം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

അംഗത്വ കാർഡ് വിതരണവും മന്ത്രി നിർവഹിച്ചു. സഹകരണവകുപ്പ് സെക്രട്ടറി മിനി ആന്റണി അധ്യക്ഷയായി. സഹകരണ സംഘം രജിസ്ട്രാർ ടി വി സുഭാഷ്, കെ എൻ ഗോപിനാഥ്, രാഖി രവികുമാർ, പി സജി, കെ രാജഗോപാൽ, കെ പി അനിൽകുമാർ, കെ എസ് സുനിൽകുമാർ, ടി ആർ അനിൽ എന്നിവർ സംസാരിച്ചു.

സഹകരണമേഖലയിലെ വിവിധ ഉൽപ്പന്നങ്ങൾ ‘കോപ് കേരള’ ബ്രാൻഡിൽ ഓൺലൈൻ വിപണിയിലെത്തിക്കുന്നതിന്റെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു. ആമസോണിലൂടെയാണ് ഓൺലൈൻ വിൽപ്പന. സഹകരണമേഖലയിലെ ഉൽപ്പന്നങ്ങളെ ഏകീകൃത ബ്രാൻഡിങ്ങിനു കീഴിൽ കൊണ്ടുവന്ന് വിപണിയിൽ സജീവമാകുന്നതിന് രൂപം നൽകിയ ‘ബ്രാൻഡിങ് ആൻഡ് മാർക്കറ്റിങ് ഓഫ് കോ– ഓപ്പറേറ്റീവ് പ്രോഡക്ട്സി’ന്റെ ഭാഗമായാണ് ഓൺലൈൻ വിപണി ഒരുക്കിയത്.

പാപ്പിനിവട്ടം സർവീസ് സഹകരണ ബാങ്ക് ഉൽപ്പാദിപ്പിക്കുന്ന എൽഇഡി ലൈറ്റിങ് ഉൽപ്പന്നങ്ങൾ, റബ്കോയുടെ മാഗസിൻ റാക്ക്, ബീച്ച് ചെയർ ട്രാവലർ മാട്രസ്, പില്ലോ എന്നിവ ആമസോണിൽ കിട്ടും. സഹകരണ ബാങ്കുകൾ, സംഘങ്ങൾ എന്നിവയുടെ ആർബിട്രേഷൻ അദാലത്തുകളുടെ സംസ്ഥാനതല ഉദ്ഘാടനവും നൈപുണ്യവികസന വായ്പാ പദ്ധതി പ്രഖ്യാപനവും ടീം ഓഡിറ്റ് സംവിധാനത്തിന്റെ പ്രഖ്യാപനവും മന്ത്രി നിർവഹിച്ചു. വി ജോയി എംഎൽഎ അധ്യക്ഷനായി. സഹകരണ സെക്രട്ടറി മിനി ആന്റണി, സഹകരണ സംഘം രജിസ്ട്രാർ ടി വി സുഭാഷ്, സഹകരണവകുപ്പ് സ്പെഷ്യൽ സെക്രട്ടറി പി എസ് രാജേഷ് സംസാരിച്ചു.